# ഡയറ്റ് പാലക്കാട്
## പ്രധാനാധ്യാപക പരിശീലനം- ജൂലൈ 2017 മോഡ്യൂൾ

---

പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം പ്രോജക്ടിന്റെ ഉണർവ്വ് വിദ്യാഭ്യാസ മേഖലയിൽ പ്രതിഫലിച്ചുകൊണ്ടിരിക്കുന്ന സമയത്താണ് ഈ പ്രധാനാധ്യാപക പരിശീലനം നടക്കുന്നത്. സംസ്ഥാന തലത്തിൽ ,എസ്.എസ്.എ ,എസ്.സി.ഇ.ആർ.ടി ,സീമാറ്റ് എന്നീ സ്ഥാപനങ്ങളും വിദ്യാഭ്യാസ വകുപ്പും സംയുക്തമായി തയ്യാറാക്കിയ പ്രവർത്തന കലണ്ടറും , കുട്ടികളുടെ പഠനസ മയം നഷ്ടപ്പെടുത്തുന്ന പരിശീലനങ്ങൾ നടത്തരുതെന്ന നിർദ്ദേശവും വിദ്യഭ്യാസരംഗത്തെ നയം മാറ്റത്തിന്റെ തെളിവാണ്.പൊതു വിദ്യാഭ്യാസസ്ഥാപനങ്ങളുടെ ഗുണനിലവാരവും , ഭൌതിക സൌകര്യങ്ങളുടെ മെച്ചപ്പെടലിനും അന്താരാഷ്ട്ര നിലവാരമുള്ള ഹൈടെക് സ്കൂളുകൾ എന്ന ലക്ഷ്യത്തിലേക്ക് ഒരു സബ് ജില്ലയിൽ മൂന്ന് ഹൈസ്കൂളുകളെങ്കിലും ഉയരുക എന്ന തീരുമാനവും നടപ്പിലായി വരുന്നു. ഗുണനിലവാര വർദ്ധനവിനായി ജില്ലാ പഞ്ചായത്ത് നടപ്പാക്കുന്ന പദ്ധതികൾ വിശദമാക്കാനായി ജില്ലയിലെ 95 പഞ്ചായത്തിലും, നാല് മുൻസിപ്പാലിറ്റികളിലും അധ്യാപക സംഗമവും നടന്നുകഴിഞ്ഞു. നടക്കാൻ പോകുന്ന ക്ലസ്റ്റർ പരിശീലനത്തിൽ പ്രധാനാധ്യാപകർ വഹിക്കേണ്ട പങ്ക് തിരിച്ചറിയാനും, മാറുന്ന കാലത്തെ വിദ്യാലത്തിന്റെ നേതൃത്വം വഹിക്കാൻ പ്രധാനാധ്യാപകർക്ക് വേണ്ട പിന്തുണയും ധാരണകളും നൽകാനുമാണ് ഈ പരിശീലനം

പൊതുലക്ഷ്യം- പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം വിജയിപ്പിക്കാനും ഗുണനിലവാരം ഉയർത്താനും വിദ്യാലയങ്ങളുടെ മേലധികാരി എന്ന നിലക്ക് വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കാനും വിവിധ ഏജൻസികളെ ഏകോപിപ്പിക്കാനും പ്രധാനാധ്യാപകർക്ക് ധാരണയും പിന്തുണയും നൽകുക.

ഉപലക്ഷ്യങ്ങൾ

1. ഗുണനിലവാര വർദ്ധനവിനായി വിദ്യാലയത്തിൽ നടത്തുന്ന പ്രധാന പ്രവർത്തനങ്ങൾ, തെളിവുകൾ അവതരണം ( ഫോർമാററ് പൂരിപ്പിക്കുകയും ഏതാനം അവത രണങ്ങളും. (വായനമാത്രം) ദിർഘ പ്രസംഗങ്ങളും , പൊതു പ്രവർത്തനങ്ങളുടെ വിശദീകരണങ്ങളും ഒഴിവാക്കി ഗുണനിലവാരം ഉയർത്തുന്നതും തെളിവുകളുടെ പിൻബലം ഉള്ളതും മാത്രം അവതരിപ്പിപ്പിക്കാൻ നിർദ്ദേശിക്കണം)
2. ആഗസ്റ്റ് 5 ന നടക്കുന്ന ക്ലസ്റ്റർ പരിശീലനത്തിന്റെ സ്കൂൾ തല പ്രതിഫലനങ്ങൾ തിരിച്ചറിയുക.അവ ഫലപ്രദമായി നടപ്പാക്കാൻ വേണ്ട തന്ത്രങ്ങളും ,വിലയിരുത്തൽ രീതിയും ധാരണനേടൽ. (ആസൂത്രണം, നിർവ്വഹണം,വിലയിരുത്തൽ)
3. എസ്.എസ്.എ നടപ്പാക്കുന്ന മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ്, സുരീലി ഹിന്ദി എന്നിങ്ങനെയുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കാനും നടപ്പാക്കാനുമുള്ള ധാരണകൾ വികസിപ്പിക്കൽ
4. ആഗസ്റ്റ് മാസത്തെ പരീക്ഷ , സി.പി.ടി.എ ഉൾപ്പെടെ സ്കൂൾ പ്രവർത്തന കലണ്ടർ രൂപപ്പെടുത്തുക

സെഷൻ ഒന്ന്

ഫോർമാറ്റ് വിതരണം ചെയ്യുന്നു. അതിൽ രേഖപ്പെടുത്തലുകൾ നടത്തി അതിൽ എഴുതിയ ഏതെങ്കിലും പ്രവർത്തനം വായിച്ച് അവതരിപ്പിക്കുന്നു.(ഫോർമാറ്റ് അനുബന്ധം ഒന്ന്)

അനുബന്ധം ഒന്ന് ഫോർമാറ്റ്

ലൈബ്രറി  വായന വർദ്ധിപ്പിക്കാനും കുട്ടികളെ മികച്ച വായനക്കാരാക്കാനും വിദ്യാലയം ഏറ്റെടുത്ത പ്രവർത്തനങ്ങൾ.

ക്ലാസ്സ് തല ലൈബ്രറി എല്ലാ ക്ലാസ്സിലും ഉണ്ടോ? എത്ര പുസ്തകങ്ങൾ ? ക്ലാസ്സ് തല വിതരണ രജിസ്റ്റർ ഉണ്ടോ? ക്ലാസ്സ് ലൈബ്രറിയിലേക്ക് പുസ്തകം സംഘടിപ്പിച്ച രീതി.  ക്ലാസ്സ് ലൈബ്രറിയിൽ പുസ്തകം സൂക്ഷിക്കാനുള്ള സംവിധാനം.

ഹരിതകേരളം പദ്ധതിയുടെ ഭാഗമായി വിദ്യാലയം നടപ്പിലാക്കിയ പ്രവർത്തനങ്ങൾ. (ജൈവ വൈവിധ്യപാർക്ക്, നക്ഷത്ര വനം. പച്ചക്കറിത്തോട്ടം..........)

**സെഷൻ രണ്ട്**

താഴെ പറയുന്ന പ്രവർത്തനമാണ് പരിശീലനത്തിൽ നടക്കുക (ചർച്ച ചെയ്യുക ).എങ്കിൽ പരിശീലനത്തിനു പോകുന്ന അധ്യാപകർ പരിശീലനത്തിനു പോകുമ്പോൾ എന്തെല്ലാം ഒരുക്കങ്ങൾ നടത്തണം?

- ഒന്നാം ടേമിൽ ക്ലാസ്സ്തല പ്രവർത്തനങ്ങളുടെ ഭാഗമായി രൂപപ്പെട്ട മികച്ച പോർട്ട്ഫോളിയോകൾ ശേഖരിക്കുന്നതിനും പങ്കു വെയ്ക്കുന്നതിനും.

- ക്ലസ്റ്ററിനു പോകുന്ന അധ്യാപകർക്ക് എന്ത് നിർദ്ദേശങ്ങളാണ് എസ്.ആർ.ജിയിൽ നൽകേണ്ടത്
- മികച്ച പോർട്ട് ഫോളിയോകൾ എസ്.ആർ.ജിയിൽ അവതരിപ്പിക്കണം ഓരോ ക്ലാസ്സുകാരും ഒരു മികച്ച പോർട്ട് ഫോളിയോ എസ്.ആർജിയിൽ അവതരിപ്പിക്കാൻ എന്ത് സൌകര്യം ഒരുക്കണം ( നിർദ്ദേശം, സമയക്രമീകരണം. അവതരിപ്പിക്കാനുള്ള രീതി( കുട്ടിയുടെ പുസ്തകപേജ് ഫോട്ടോസ്റ്റാറ്റ് എടുത്ത് പ്രദർശിപ്പിക്കൽ/ സ്കാൻ ചെയ്ത് എൽ.സി.ഡി പ്രോജക്ടറിന്റെ സഹായത്തോടെ അവതരിപ്പിക്കൽ)

- മൂല്യനിർണ്ണയസമീപനം ബോധ്യപ്പെടുന്നതിനും മൂല്യനിർണ്ണയപ്രവർത്തനങ്ങൾ തയ്യാറാക്കുന്നതിനുമുള്ള ശേഷി വികസിപ്പിക്കതിനും.

എസ്.ആർ.ജി കഴിഞ്ഞു വന്നാൽ ഓരോ ക്ലാസ്സിലും മൂല്യനിർണയ സമാഹാരം രൂപപ്പെടുത്താനും കുട്ടികൾക്ക് അവ ഉപയോഗിച്ച് പ്രവർത്തനം നൽകാനും കുട്ടികളുടെ പ്രതികരണങ്ങൾ, മികവുകൾ പരിമിതികൾ ? തുടർപ്രവർത്തന സാധ്യതകൾ എന്നിവ എസ്ആർജിയിൽ ചർച്ച ചെയ്യാൻ
മുന്നൊരുക്കം എന്തൊക്കെ?
സമാഹാരം രൂപപ്പെടുത്താനുള്ള നിർദ്ദേശവും ? സമാഹാരം വിലയിരുത്താനുള്ള മോണിറ്ററിങ്ങും എങ്ങനെയായിരിക്കണം?

- 'സമഗ്ര' പോർട്ടൽ പരിചയപ്പെടുന്നതിനും അപ് ലോഡ് ചെയ്യുന്ന രീതി മനസ്സിലാക്കുന്നതി ന് പരിശീലനം നൽകുന്നു. എങ്കിൽ

വിദ്യാലയത്തിലെ മികച്ച പ്രവർത്തന സാമഗ്രികൾ (ടി.എം, ചോദ്യബാങ്ക്, തയ്യാറാക്കുന്ന പിപി.ടികൾ എന്നിവ എങ്ങനെ ഇതിലേക്ക് അപ് ലോഡ് ചെയ്യും? ഇതിനുവേണ്ട മുന്നോരുക്കം? നിർദ്ദേശങ്ങൾയ ചുമതല നൽകൽ

- സി പി ടി എ മൊഡ്യൂൾ പരിചയപ്പെടുന്നതിനും മെച്ചപ്പെടുത്തുന്നതിനുമുള്ള ധാരണ കൈവരിക്കുന്നതിനും.

ഒന്നാം ടേം മൂല്യനിർണയം വിലയിരുത്തൽ സമയബന്ധിതമായി പൂർത്തിയാക്കി പ്രത്യേക സി.പി.ടി.എ മോഡ്യൾ വെച്ച് നടത്തണം
എല്ലാ രക്ഷിതാക്കളേയും പങ്കെടുപ്പിക്കാൻ എന്തൊക്കെ ചെയ്യാം?
ക്ലാസ്സ് പി.ടി.എ എല്ലാ അധ്യാപകരും ഫലപ്രദമായി നടത്തുന്നുവെന്ന് എങ്ങനെ വിലയിരുത്താം?

പരിശീലനത്തിനു മുമ്പുള്ള എസ്.ആർ ജിയിൽ എന്തൊക്കെ കാര്യങ്ങൾ ചർച്ചചെയ്യണം?
പരിശീലനം കഴിഞ്ഞു വരുന്ന അധ്യാപകരുടെ ധാരണകൾ പങ്കുവെക്കാനും, ഓരോ ക്ലാസ്സിലും നടക്കുന്ന പ്രവർത്തനം പരസ്പരം അറിയാനും സ്കൂൾ ഏറ്റെടുക്കേണ്ട പൊതുവായ പ്രവർത്തനങ്ങൾ ചർച്ചചെയ്യാനും പരിശീലനം കഴിഞ്ഞുള്ള എസ്.ആർ.ജിയിൽ എന്ത് നടക്കണം?
പരിശീലന ആശയങ്ങൾ ക്ലാസ്സിൽ നടപ്പാവുന്നു എന്ന് ഉറപ്പാക്കാനുള്ള മോണിറ്ററിങ്ങ് എപ്രകാരം?

**സെഷൻ മൂന്ന്**

- **വിദ്യാഭ്യാസ വകുപ്പ്, എസ് എസ് എ തുടങ്ങിയ ഏജൻസികൾ നടപ്പാക്കുന്ന പ്രവർത്തനങ്ങൾ പരിചയപ്പെടുത്തുന്നതിന്.**

ഡയറ്റ് നടത്തുന്ന Action Research അധ്യാപകരെ അറിയിക്കുക ? താല്പര്യമുള്ളവരെ തെരഞ്ഞെടുക്കുക

മലയാളത്തിളക്കം പോലുള്ള പ്രവർത്തനങ്ങൾ വിദ്യാലയത്തിൽ നടപ്പാക്കാനുള്ള സാധ്യതകൾ

___________